**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** | **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ അവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മൺസൂൺ കാലയളവിൽ പട്ടികവർഗ്ഗക്കാർക്ക് ജോലി സാധ്യതയുടെ അഭാവം മൂലം കഷ്ടത അനുഭവിക്കാൻ സാധ്യതയുള്ളതിനാൽ ഈ കാലയളവിൽ അവർക്ക് പോഷകാഹാരവും ഭക്ഷണവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതി പ്രകാരം ഭക്ഷ്യസാധനങ്ങൾ വിതരണം നടത്തുന്നതിനായി, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ സഹായത്തോടുകൂടി പദ്ധതിക്ക് അർഹതയുള്ള ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുകയും പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർമാരുടെ നേതൃത്വത്തിൽ കൃത്യമായ അളവിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നുണ്ട്.<br><br>പൊതുവിതരണ സമ്പ്രദായപ്രകാരം പട്ടികവർഗ വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ അവർക്കു തന്നെ കൃത്യമായി ലഭിക്കുന്നുണ്ടെന്ന്, ഇ-പോസ് മെഷീൻ മുഖേനയുള്ള ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഇതിനു പുറമേ ടി വിഭാഗത്തിൽപ്പെട്ട റേഷൻ കാർഡില്ലാത്തവരുടെ വിവരങ്ങൾ ശേഖരിച്ച്, അർഹമായ വിഭാഗത്തിൽപ്പെടുത്തി റേഷൻ കാർഡ് അനുവദിച്ച് ഭക്ഷ്യ ഭദ്രത ഉറപ്പ് വരുത്തുന്നതോടൊപ്പം സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗ മേഖലകളിൽ റേഷൻ ഭക്ഷ്യധാന്യം നേരിട്ടെത്തിച്ച് നൽകുന്നുമുണ്ട്. |
| (ബി) | അതിദരിദ്രരും ദരിദ്രരും ഏറ്റവും കൂടുതലുള്ള പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള സൗജന്യഭക്ഷ്യധാന്യങ്ങളുടെ അളവും ലഭിക്കുന്ന | (ബി) | പട്ടികവർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യം, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കുന്നതിലേക്കായി ഫുഡ് സപ്പോർട്ട് പദ്ധതി |

| | | | |
|---|---|---|---|
| | കാലപരിധിയും സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തുന്നതിന് വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | | **നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഊരുകൂട്ടങ്ങളിലൂടെയും എസ്.റ്റി. പ്രൊമോട്ടർമാർ മുഖേനയും ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തിവരുന്നു.**<br><br>**പൊതുവിതരണ സമ്പ്രദായ പ്രകാരം അനുവദിക്കുന്ന ഭക്ഷ്യധാന്യത്തിന്റെ അളവും ഇനവും ബോധ്യപ്പെടുത്തുന്നതിനായി, ടി വിവരങ്ങൾ റേഷൻ കടകളിൽ എഴുതി പ്രദർശിപ്പിക്കുകയും പത്രമാധ്യമങ്ങളിലും, സോഷ്യൽ മീഡിയയിലും കൃത്യമായി അറിയിപ്പ നൽകുകയും റേഷൻ കാർഡുമായി രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോണിലേക്ക് സന്ദേശം നൽകുകയും ചെയ്തുവരുന്നു.** |
| (സി) | അജ്ഞതയും ദാരിദ്യവും മൂലം ഭക്ഷ്യധാന്യ വിതരണത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ കബളിപ്പിക്കപ്പെടുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വേണ്ടി പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | **ഭക്ഷ്യധാന്യ വിതരണത്തിൽ പട്ടികവർഗ്ഗക്കാരെ കബളിപ്പിക്കുന്നത് സംബന്ധിച്ച പരാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |

സെക്ഷൻ ഓഫീസർ